II.ഇ.ബി. XII--കേരള നിയമസഭ/II- 7

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2006 സെപ്റ്റംബർ 28, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

39 (* 211) കയർ തൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതി ചെയ്യാൻ നടപടി

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കയറ്റുമതിക്കാരിൽനിന്നും സെസ്സ് പിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് കയർ തൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കയറ്റുമതിക്കാരിൽ നിന്നും വിഹിതം പിരിക്കാൻ കഴിയാത്തതിനാൽ 2003-2004-നുശേഷം ക്ഷേമനിധി ബോർഡിനു ലഭിച്ചുകൊണ്ടിരുന്ന അംശദായത്തിൽ പ്രതിവർഷം ഏകദേശം രണ്ടുകോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. കയറ്റുമതിക്കാരിൽ നിന്നും ടേണോവറിന്റെ ഒരു ശതമാനം സെസ്സ് ഈടാക്കണമെന്നായിരുന്നു കേന്ദ്ര ഗവൺമെന്റ് തീരുമാനം. എന്നാൽ പുന:പരിശോധനയിൽ .75 ശതമാനമായും നടപ്പിലാക്കിയപ്പോൾ .56 ശതമാനമായും അത് ചുരുക്കുകയുണ്ടായി. കയർ സഹകരണ സംഘങ്ങളിൽ ദീർഘകാലമായി നിലനിന്നിരുന്ന റിബേറ്റ് സമ്പ്രദായവും കയറ്റുമതിക്കാരെ സഹായിക്കുന്ന എം.ഇ.പി.യും (മിനിമം എക്സ്പോർട്ട് പ്രൈസ്)

എം.പി.പി.യും (മിനിമം പർച്ചേസ് പ്രൈസ്) കേന്ദ്ര ഗവൺമെന്റ് എടുത്തു കളയുകയും എം.ഡി.എ.(മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ്) അനുവദിച്ചത് ഘട്ടംഘട്ടമായി നിർത്തലാക്കിയിരിക്കുകയുമാണ്. റിബേറ്റ് ഉണ്ടായിരുന്നപ്പോൾ സഹകരണ സംഘങ്ങൾ നന്നായി പ്രവർത്തിക്കുകയും തൊഴിലാളികൾക്ക് ജോലി കിട്ടുകയും ചെയ്തിരുന്നു. കേരളത്തിലെ കയർ വ്യവസായങ്ങളെയും സഹകരണ സംഘങ്ങളെയും കയർ തൊഴിലാളികളെയും ബാധിക്കുന്ന ഈ പ്രശ്നത്തിൽ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും ഇവ പുന:സ്ഥാപിച്ചു നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്നും അതിനുള്ള നടപടികളുമായി മുന്നോട്ടു പോകും. തൊഴിലുടമയിൽ നിന്നും മറ്റു തരത്തിലുള്ള കോൺട്രിബ്യൂഷൻസ് പിരിക്കാൻ വ്യവസ്ഥയില്ലാത്തതുകൊണ്ട് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ലഭിക്കേണ്ടതായ അംശദായം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കും. മുൻ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം കയർ വികസന ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ സ്വയം സഹായ സംഘങ്ങളുടെ നടത്തിപ്പിലും റാട്ട്, ചകിരി മുതലായവയുടെ വിതരണത്തിലും സംഘങ്ങളുടെ വിഹിതം യൂണിറ്റുകൾക്കു നൽകിയ രീതികളിലും ക്രമക്കേടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളതായും തുടർ അന്വേഷണം നടന്നുവരുന്നതായും മന്ത്രി അറിയിച്ചു. തൊഴിൽ രഹിതരായ 600-ഓളം വനിതാ തൊഴിലാളികൾക്ക് മഹിളായോജന പദ്ധതി പ്രകാരം ¼ എച്ച്.പി. മോട്ടോർ ഘടിപ്പിക്കുന്ന പരമ്പരാഗത റാട്ടിൽ പരിശീലനം നൽകുന്നതിനും അവർക്ക് തൊഴിൽ നൽകാനും സ്വാശ്രയ ഗ്രൂപ്പ് രൂപീകരിക്കാനുമുള്ള പദ്ധതിക്കുവേണ്ടി മൂന്നു തവണകളായി 642

ലക്ഷം രൂപ അനുവദിച്ചത് 780 സ്വയം സഹായ സംഘങ്ങൾക്ക് വിതരണം ചെയ്തതുസംബന്ധിച്ച് നടത്തിയ ഗാർഹിക അന്വേഷണത്തിൽ ഗുരുതരമായ ക്രമക്കേട് നടന്നതായി പ്രാഥമിക റിപ്പോർട്ടിൽ കണ്ടെത്തിയതായും ഒരു ജീവ നക്കാരനെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിയിരുന്നതായും ആ ജീവനക്കാരൻ ഹാജരാക്കിയ രേഖകൾ സത്യസന്ധമല്ലെന്ന് ബോധ്യപ്പെട്ടതി നെത്തുടർന്ന് പുനരന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നതായും മന്ത്രി അറിയിച്ചു. ഗുണനിലവാരമുള്ള ഉല്പന്നങ്ങളുണ്ടാക്കാൻ തൊഴിലാളി കളെയും സംഘങ്ങളെയും പരിശീലിപ്പിക്കാനുള്ള പുതിയ സംവിധാനത്തെ പ്പറ്റി ആലോചിക്കുകയാണ്. ചരിത്രത്തിലാദ്യമായി വാങ്ങിയ വിലയേക്കാൾ കൂടുതൽ വിലയ്ക്ക് ഉല്പന്നങ്ങൾ വിൽക്കാൻ ഇപ്പോൾ കഴിഞ്ഞിരിക്കുന്നു. 5 കോടി രൂപയുടെ ഡിസ്ട്രസ് പർച്ചേസ് നടന്നുകഴിഞ്ഞു. 60,000-ത്തിലധികം അംഗങ്ങളുള്ള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അർഹതയുള്ള വർക്കെല്ലാം ഇപ്പോൾ പെൻഷൻ അനുവദിക്കുകയും പ്രസവാനുകൂല്യം 300 രൂപയായിരുന്നത് 1000 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് തന്നെ കാലാ കാലങ്ങളിൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. മുതലാളിമാർ തൊഴിലാ ളികളെക്കൊണ്ട് കരാർ വ്യവ്സഥയിൽ പണിയെടുപ്പിക്കുന്നത് കയർ സംഭരണ ശാലകളും ഗവൺമെന്റും അംഗീകരിക്കുകയോ ഡിസ്ട്രസ് പർച്ചേസ് നടത്തിയപ്പോൾ കരാറുകാരുടെ ഡിപ്പോകളിൽനിന്നും കയർ എടുക്കുകയോ ചെയ്തിട്ടില്ല. ട്രേഡ് യൂണിയനുകളുടെ സഹകരണ ത്തോടുകൂടി മാത്രമേ കരാർ വ്യവസ്ഥ അവസാനിപ്പിക്കാൻ സാധിക്കുക യുള്ളൂ. പ്രവർത്തനരഹിതമായ കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കും. ഡിസ്ട്രസ് പർച്ചേസ്

വേളയിൽ ഒരു ലക്ഷം കിലോഗ്രാം ചകിരി ശേഖരിക്കാൻ കഴിഞ്ഞ മലബാർ മേഖലയിൽ കയർ വികസനത്തിന് പ്രത്യേക പരിഗണന നൽകുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി പറഞ്ഞു.

40 (*212) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2003-04 വരെ പഠിച്ചിരുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾക്കും എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകിയിരുന്നു എന്ന് സഭയെ അറിയിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റ് പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.ഫാം., ബി.എസ്‌സി. നഴ്സിംഗ്, ബി.എസ്.എം.എസ്.(സിദ്ധ) എന്നീ കോഴ്സുകൾക്ക് സർക്കാർ മെറിറ്റ് സീറ്റിലും 10 ശതമാനം റിസർവേഷൻ സീറ്റിലും 2004-05 വർഷം മുതൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ.ടി.തോമസ് കമ്മിഷൻ നിശ്ചയിച്ച ഫീസും മറ്റാനുകൂല്യങ്ങളും നൽകിവരുന്നു. മറ്റു കോഴ്സുകൾക്ക് മെറിറ്റിലും 10 ശതമാനം റിസർവേഷനിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിൽ നൽകുന്ന നിരക്കിലുള്ള ഫീസും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. യൂണിവേഴ്സിറ്റികൾ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, നഴ്സിംഗ് കൗൺസിൽ, മെഡിക്കൽ കൗൺസിൽ തുടങ്ങിയ ഏജൻസികളുടെ അംഗീകാരമുള്ള സ്ഥാപനങ്ങൾ, സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾ

എന്നിവ നടത്തിവരുന്ന സ്വാശ്രയ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് അവർ നിശ്ചയിക്കുന്ന ഫീസും മറ്റാനുകൂല്യങ്ങളും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗ/ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങളുടെ കുടിശ്ശിക 2006 ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. കുമാരപിള്ള കമ്മിഷൻ ആനുകൂല്യമായി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കൊടുക്കാനുണ്ടായിരുന്ന 40 കോടി രൂപയിൽ 20 കോടി രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കുടിശ്ശികയുണ്ടായിരുന്ന 8.42 കോടി രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കുടിശ്ശിക യുണ്ടായിരുന്ന 3.18 കോടി രൂപയും കൊടുത്തു. 2001–ൽ നിശ്ചയിച്ച സാമ്പ ത്തികാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് സമാന മായ രീതിയിൽ ഇപ്പോൾ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ ഒരാഴ്ചമുമ്പ് ഇതുസംബന്ധിച്ച സ്പെസിഫിക്കായ ഉത്തരവ് കൊടുത്തുകഴിഞ്ഞു. പി.ജി.ക്കും മറ്റു പ്രൊഫഷണൽ കോഴ്സു കൾക്കും പഠിക്കുന്ന ഒ.ഇ.സി./ഒ.ബി.സി./ഫോർവേഡ് കാസ്റ്റ് വിദ്യാർത്ഥി കൾക്ക് സാമ്പത്തിക സീലിംഗ് വച്ചുകൊണ്ടാണ് വിദ്യാഭ്യാസ ആനുകൂല്യ ങ്ങളും ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും കൊടുക്കുന്നത്. ജസ്റ്റിസ് കുമാരപിള്ള കമ്മിഷൻ നിർദ്ദേശിച്ച ഏതെങ്കിലും സമുദായത്തെ സാമ്പത്തികാനുകൂല്യം ലഭിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്ന താണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻട്രൻസ് കമ്മിഷണ റുടെ പ്രോസ്പെക്ടസിൽ പറയാത്ത ഇതര കോഴ്സുകളിൽ പഠിക്കുന്ന കുട്ടി

കൾക്ക് ഗവൺമെന്റ് നിശ്ചയിച്ച ഫീസാണ് ഇപ്പോൾ കൊടുക്കുന്നത്. അതിനു പകരം ആ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന ഫീസ് തന്നെ കുട്ടികൾക്ക് ലഭ്യമാക്കുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികളുടെ മെസ് അലവൻസ് 500 രൂപയിൽ നിന്നും 700 രൂപയായി വർദ്ധിപ്പിക്കുകയും ഹോസ്റ്റലുകളുടെ നവീകരണത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുസ്ലീം നാടാർ പെൺകുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ട പെൺകുട്ടികൾക്കും തുടർന്നും നൽകുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നൽകുന്നതിനായി പട്ടികസമുദായ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. കോട്ടയം മെഡിക്കൽ കോളേജിൽ 2000-ൽ ആരംഭിച്ച ജനറൽ നഴ്സിംഗ് കോളേജിന് ട്രൈബൽ സബ് പ്ലാനിൽപ്പെടുത്തി ഹോസ്റ്റൽ പണിയാൻ തീരുമാനമെടുത്തിട്ടുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു..

41 (*213) <u>പട്ടികജാതി വിദ്യാർത്ഥികൾക്കായി കമ്പ്യൂട്ടർ പദ്ധതി</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 11 ജില്ലകളിലായി 228 സ്ഥാപനങ്ങൾ വഴി 11,259 പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി 8,08,79,633 രൂപ വിനിയോഗിച്ചതു സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടന്നു വരികയാണെന്ന് സഭയെ അറിയിച്ചു. കൃത്യമായ കണക്കു നൽകാത്തതിനാൽ ഇത്തരത്തിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള

സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് കേന്ദ്ര ഗവൺമെന്റ് നിർത്തിവച്ചിരിക്കുകയാണ്.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

42 (*215) <u>പാരമ്പര്യേതര മേഖലയിലെ വൈദ്യുതി ഉല്പാദനം</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പാരമ്പേര്യേതര മേഖലയിൽ കാറ്റ്, സൂര്യപ്രകാശം, ജൈവമാലിന്യങ്ങൾ, ചെറുകിട ജലസ്രോതസ്സുകൾ എന്നിവ പ്രയോജനപ്പെടുത്തി ഏകദേശം 40 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. സംസ്ഥാനത്ത് നടത്തിയ പഠനങ്ങളിൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയ 16 സ്ഥലങ്ങളിൽ രാമക്കൽമേട്ടിൽ 4 എം.ഡബ്ള്യു. വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടികൾ അനെർട്ടും കെ.എസ്.ഇ.ബി.യും സംയുക്തമായി എടുത്തു വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ 35 എം.ഡബ്ള്യു. വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ പരിഗണനയിലാണ്. കാറ്റിൽനിന്നും വൈദ്യുതി; വിദൂര ഗ്രാമങ്ങളുടെ വൈദ്യുതീകരണം; കാറ്റും സൗരോർജ്ജവും കോർത്തിണക്കിയ ഹൈബ്രിഡ് സംവിധാനങ്ങൾ; ചെറുകിട (മൈക്രോ) ജല വൈദ്യുത പദ്ധതി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും സൗര വൈദ്യുത നിലയങ്ങൾ; ഗാർഹിക സൗര വൈദ്യുതി സംവിധാനം; സൗരപാളികളുടെ വിതരണം; സൗരറാന്തലുകളുടെ വിതരണം; ബയോഗ്യാസിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ എന്നീ തനതു പദ്ധതികളും അനെർട്ട് ഏറ്റെടുത്തിട്ടുണ്ട്. മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വൈദ്യുതിയാക്കി മാറ്റുന്ന 3 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വൈദ്യുതി

ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതിന്റെ ഭാഗമായി 5 കിലോവാട്ട് വീതം ശേഷിയുള്ള മൂന്ന് സൗരവൈദ്യുതി നിലയങ്ങളും 150 വാട്ടും 300 വാട്ടും ശേഷിയുള്ള ഗാർഹിക സൗര വൈദ്യുത സംവിധാനങ്ങൾ 100 എണ്ണം വീതവും 45 കിലോവാട്ട് മൊത്തം ശേഷിയുള്ള ഗാർഹികാവശ്യ ത്തിനായുള്ള സൗര പാനലുകളുടെ വിതരണവും നടപ്പിലാക്കുന്നതിന് പദ്ധതി യുണ്ട്.

43 (*217) <u>ചലച്ചിത്ര വികസന കോർപ്പറേഷൻ നൽകുന്ന സഹായങ്ങൾ</u>

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നല്ല ചിത്രങ്ങൾ നിർമ്മിക്കുന്നതിന് ചലച്ചിത്ര വികസന കോർപ്പ റേഷന്റെ ഉടമസ്ഥതയിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ വിവിധ പാക്കേജുകളിൽ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കു ന്നുണ്ടെന്നും അത്തരം ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ കോർപ്പറേഷന്റെ ഉടമ സ്ഥതയിലുള്ള തിയേറ്ററുകളിൽ മതിയായ പരിഗണന നൽകുന്നുണ്ടെന്നും ഫിലിം സൊസൈറ്റികൾക്ക് കുറഞ്ഞ വാടക നിരക്കിൽ കലാഭവൻ തിയേറ്റർ വിട്ടുകൊടുക്കുന്നുണ്ടെന്നും അറിയിച്ചു. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമാ നിർമ്മാണം നടത്തുന്നവർക്ക് ഷൂട്ടിംഗ്, എഡിറ്റിംഗ്, റിക്കോർഡിംഗ്, പ്രിന്റിംഗ്, പ്രോസസിംഗ് തുടങ്ങിയ സാങ്കേതിക സൗകര്യങ്ങൾ വിവിധ പാക്കേജുകളിൽ ഉൾപ്പെടുത്തി മിതമായ വാടക നിരക്കിൽ ലഭ്യമാക്കുകയും നിർമ്മാണം പൂർത്തിയായി ഫസ്റ്റ് പ്രിന്റ് തയ്യാറാകുമ്പോൾ നിർമ്മാതാവിന് നൽകുന്ന അന്തിമ ബില്ലിൽ പ്രസ്തുത ചിത്രത്തിന് സംസ്ഥാന സർക്കാരി ൽനിന്ന് ലഭിക്കാൻ അർഹതയുള്ള സബ്സിഡി തുകയുടെ നിശ്ചിത ശതമാനം മുൻകൂറായി അഡ്ജസ്റ്റ് ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെപൂർണ്ണമായും ചിത്രാഞ്ജലിയിൽ നിർമ്മിക്കപ്പെടുന്ന ഒരു മുഴുനീള

കഥാചിത്രത്തിന് നിലവിൽ നാല് ലക്ഷം രൂപ സബ്സിഡിയായി സർക്കാരിൽനിന്ന് ലഭിക്കുമെന്നുമാത്രമല്ല സംസ്ഥാന/ദേശീയ തലത്തിൽ അവാർഡ് കരസ്ഥമാക്കുകയോ ഇൻഡ്യൻ പനോരമയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയോ ചെയ്താൽ സബ്സിഡി തുക ആറു ലക്ഷം രൂപവരെയായി ഉയർത്തുകയും ചെയ്യും.

44 (*227) <u>ഡീംഡ് യുണിവേഴ്സിറ്റി പദവി ലഭിച്ചിട്ടുള്ള കോളേജുകൾ</u>

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, കേരള കലാമണ്ഡലം എന്നിവയാണ് സംസ്ഥാനത്തുള്ള ഡീംഡ് യൂണിവേഴ്സിറ്റികളെന്ന് അറിയിച്ചു. യു.ജി.സി. യുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഡീംഡ് യൂണിവേഴ്സിറ്റി പദവി നൽകിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്നത്.

45 (*232) <u>പുതിയ ജലവൈദ്യുത പദ്ധതികൾ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികളായിട്ടുണ്ടെന്ന് അറിയിച്ചു. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

| പദ്ധതിയുടെ പേര് | സ്ഥാപിത/ ശേഷി MW | ഉല്പാദന ശേഷി MU | മുതൽമുടക്ക് DPR പ്രകാരം (രൂപ കോടിയിൽ) |
|---|---|---|---|
| <u>ടെണ്ടർ ചെയ്ത പദ്ധതികൾ</u> | | | |
| അതിരപ്പിള്ളി ജല വൈദ്യുത പദ്ധതി(തൃശൂർ) | 163 | 233 | 359.51 |
| (15-06-2006-ൽ നടത്തിയ പൊതു-ജനസമ്പർക്ക പരിപാടിയുടെ | | | |

| | | | |
|---|---|---|---|
| റിപ്പോർട്ട് കേന്ദ്ര സർക്കാരിന് 22-07-2006-ൽ സമർപ്പിച്ചിട്ടുണ്ട്.) | | | |
| പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (ഇടുക്കി) | 60 | 153.9 | 175.86 |
| (എസ്സാർ സി.ഇ.സി.-ബി.പി.പി.എൽ. കൺസോർഷ്യത്തിന് 268.02 കോടി രൂപയുടെ കരാർ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.) | | | |
| മണിയാർ ടെയിൽ റേസ് (പത്തനംതിട്ട) | 4 | 16.73 | 18 |
| (പ്രീക്വാളിഫിക്കേഷൻ നടപടികൾ അന്തിമ ഘട്ടത്തിലാണ്) | | | |
| ബാരാപ്പോൾ(കണ്ണൂർ) | 21 | 51 | 98.94 |
| (സെൻട്രൽ എമ്പവേഡ് കമ്മിറ്റിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ജോലി- കൾ നിർത്തി വച്ചിരിക്കുകയാണ്.) | | | |
| പൂഴിത്തോട് SHP (കോഴിക്കോട്) (മൂല്യ നിർണ്ണയം പൂർത്തിയായിട്ടില്ല) | 4.8 | 10.97 | 23.40 |
| വിലങ്ങാട് SHP (കോഴിക്കോട്) (മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല) | 7.5 | 22.63 | 34.34 |
| ആഡ്യൻപാറ (മലപ്പുറം) (മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല) | 3.5 | 9.01 | 16.58 |
| ചെങ്കുളം ഓഗ്മെന്റേഷൻ സ്കീം (ഇടുക്കി) (മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല) | | 85 | 37.74 |
| ബോർഡിന്റെ/സർക്കാരിന്റെ ഭരണാനുമതി നൽകിയ പദ്ധതികൾ | | | |
| തോട്ടിയാർ (ഇടുക്കി) | 40 | 99 | 92.15 |
| (ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ ഫോറസ്റ്റ് ക്ലിയറൻസ് ആവശ്യമാണ്.) | | | |

| | | | |
|---|---|---|---|
| മാങ്കുളം (ഇടുക്കി) (ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ ഫോറസ്റ്റ് ക്ളിയറൻസ് ആവശ്യമാണ്.) | 40 | 82 | 136.39 |
| പാത്രക്കടവ് (പാലക്കാട്) (ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ ഫോറസ്റ്റ് ക്ളിയറൻസ് ആവശ്യമാണ്.) | 70 | 214 | 247.06 |
| പീച്ചി (തൃശൂർ) (ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു) | 1.5 | 3.315 | 7.00 |
| പെരുന്തേനരുവി (പത്തനംതിട്ട) (ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു) | 6 | 25.77 | 30.00 |
| ചാത്തൻകോട്ടുനട II (കോഴിക്കോട്) (ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു) | 6 | 14.76 | 29.92 |
| ചെങ്കുളം ടെയിൽ റേസ്(ഇടുക്കി) (ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു) | 3.6 | 12.17 | 19 |
| ചിന്നാർ (ഇടുക്കി) (കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്.) | 28 | 82.09 | 111.25 |
| ചിമ്മിനി (തൃശൂർ) (ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു) | 2.5 | 6.5 | 9.6 |
| | 461.40 | 1121.85 | 1446.74 |

## സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികൾ (MW)

| | | | |
|---|---|---|---|
| ആലംപാറത്തോട് | 3 | മുക്കൂട്ടത്തോട് | 3 |
| പാൽച്ചുരം | 3.5 | ലോവർ വട്ടപ്പാറ | 7 |
| കറുംപെട്ടി | 3.5 | അപ്പർ പൊരിങ്ങൽ | 7 |
| ആറ്റ്ലെ | 6 | കുരിശടി | 0.75 |
| ഇരുട്ടുകാനം | 3 | തൂവലാർ | 4 |
| അപ്പർ വട്ടപ്പാറ | 3 | | |

## ഒരു വർഷംകൊണ്ട് തുടങ്ങാനുദ്ദേശിക്കുന്ന ഇൻവെസ്റ്റിഗേഷൻ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ (MW)

| | | | |
|---|---|---|---|
| പെരുവണ്ണാമൂഴി ഡാം ടോ | 4.5 | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ ടെയിൽറേസ് | 3 |
| ആനക്കാംപൊയിൻ | 7 | കണ്ടപ്പൻചാൻ | 6 |
| പതങ്കയം | 4 | ബാരാപ്പോൾ സ്റ്റേജ്-2 | 4 |
| പാൽച്ചുരം മോഡിഫൈഡ് | 19 | പഴശ്ശി | 65 |
| മീൻമുട്ടി | 1.5 | കാരാപ്പുഴ ഡാം ടോ | 0.5 |
| വൈറ്റിരി | 60 | പീച്ചി ഡാം ടോ | 1.5 |
| പാമ്പാർ | 40 | ചെളിക്കല്ലാർ | 15 |
| വക്കല്ലാർ | 20 | അച്ചൻകോവിൽ | 30 |
| പോരു | 9 | | |

46 (*236) <u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉല്പാദന സൗകര്യങ്ങൾ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോണിൽനിന്നും കമ്പ്യൂട്ടർ ആന്റ് യു.പി.എസ്സും, ടെൽക്കിൽനിന്നും പവർ ട്രാൻസ്ഫോമറും കറന്റ് ട്രാൻസ്ഫോമറും പൊട്ടൻഷ്യൽ ട്രാൻസ്ഫോമറും

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽനിന്നും വൈദ്യുതി മീറ്ററും കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡിൽനിന്നും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറും ഫ്യൂസ് യൂണിറ്റും, ട്രാക്കോ കേബിൾസ് ലിമിറ്റഡിൽനിന്നും വിവിധയിനം കമ്പികൾ, വെതർ പ്രൂഫ് വയർ, കൺട്രോൾ കേബിൾ എന്നിവയും സിൽക്കിൽനിന്നും യാർഡ് സ്ട്രക്ച്ചറും വാങ്ങാൻ കെ.എസ്.ഇ.ബി. തീരുമാനിക്കുകയും ഈ പൊതുമേഖലാസ്ഥാപനങ്ങളുമായി ഒരു ദീർഘകാല കരാർ ഉണ്ടാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണെന്നും ട്രാക്കോ കേബിൾ കമ്പനി, കെൽ എന്നിവ ആവശ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും അസംസ്കൃത പദാർത്ഥങ്ങളും മറ്റു സാധന സാമഗ്രികളും വാങ്ങുന്നതിനും വേണ്ടി അഡ്വാൻസ് നൽകുന്നുണ്ടെന്നും കൂടാതെ വൈദ്യുതി ബോർഡുമായി ച്ചേർന്ന് ട്രൈപാർട്ടി കരാറിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾക്ക് കേരള പവർ ഫിനാൻസ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേ ഷനിൽനിന്നും വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

47 (* 238) <u>സഹകരണ മേഖലയിലെ പ്രൊഫഷണൽ കോളേജുകൾ</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തര ത്തിൽ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേ ഷന്റെ കീഴിൽ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും ഒരു മെഡിക്കൽ കോളേജും പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. എഞ്ചിനീയറിംഗ് കോളേജു കളിൽ 50% സർക്കാർ ക്വാട്ട സീറ്റുകൾക്ക് 4000 രൂപയും 35% മാനേജുമെന്റ് സീറ്റുകൾക്ക് കെ.ടി. തോമസ് കമ്മിറ്റി നിശ്ചയിച്ചതു പ്രകാരം 38,700 രൂപയും 15% എൻ.ആർ.ഐ. ക്വാട്ട സീറ്റുകൾക്ക് 50,000 രൂപയും; മെഡിക്കൽ കോളേ

ജുകളിൽ 50% സർക്കാർ ക്വാട്ട സീറ്റുകളിൽ 9625 രൂപയും 35% മാനേജുമെന്റ് സീറ്റുകളിൽ സർക്കാർ നിശ്ചയിച്ചതനുസരിച്ച് 2,13,000 രൂപയും 15% എൻ.ആർ.ഐ. ക്വാട്ട സീറ്റുകൾക്ക് 5,65,000 രൂപയുമാണ് പ്രതിവർഷ ട്യൂഷൻ ഫീസ് ഈടാക്കുന്നത്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ മാനേജു മെന്റ് സീറ്റുകൾക്ക് 38,700 രൂപയും കൊച്ചി മെഡിക്കൽ കോളേജിലെ മാനേജുമെന്റ് സീറ്റുകൾക്ക് 2,13,000 രൂപയും സർക്കാർ നിശ്ചയിച്ച പ്രകാരം പ്രതിവർഷം ട്യൂഷൻ ഫീസായി ഈടാക്കുന്നുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

40 (1237) <u>അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ വേതന വ്യവസ്ഥ</u>

അൺ എയ്ഡഡ് സ്കൂളുകളിൽ 2005-06 അദ്ധ്യയന വർഷത്തെ കണക്കനുസരിച്ച് 13463 അദ്ധ്യാപകരുണ്ട്. 30-9-1999-ലെ ഉത്തരവു പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിലെ എച്ച്.എസ്.എ.മാർക്ക് 3000 രൂപയും പ്രൈമറി ടീച്ചർമാർക്ക് 2500 രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുണ്ട്.

41 (1256) <u>ഹയർ സെക്കണ്ടറി കോഴ്സിനുള്ള സീറ്റുകൾ</u>

ഹയർ സെക്കണ്ടറി കോഴ്സിന് സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലായി ഇക്കൊല്ലം അനുവദിച്ച 20 ശതമാനം സീറ്റു വർദ്ധന ഉൾപ്പെടെ 330,100 സീറ്റുകൾ ലഭ്യമാണ്. കൂടാതെ ഓപ്പൺ സ്കൂൾ, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖാന്തിരവും പഠിക്കുവാനുള്ള സൗകര്യം നിലവിലുണ്ട്.

42 (1257) <u>പ്ളസ് ടു കോഴ്സ് അനുവദിക്കാൻ നടപടി</u>

277 സർക്കാർ ഹൈസ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിക്കാനുണ്ട്.

43 (1358) <u>സഹകരണ സ്റ്റോറുകൾ</u>

സംസ്ഥാനത്തുള്ള 5467 സഹകരണ സ്റ്റോറുകളിൽ 2939 എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ലാഭകരമാക്കുന്നതിനായി ഒരു സംസ്ഥാന പ്രോജക്ട് തയ്യാറാക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

44 (1361) <u>സംസ്ഥാന സഹകരണ യൂണിയൻ</u>

കേരള സഹകരണ നിയമം 1969 പ്രകാരം സഹകരണ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുംവേണ്ടി രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോഡിയായ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 9 സഹകരണ പരിശീലന കേന്ദ്രങ്ങളിലൂടേയും 12 സഹകരണ പരിശീലന കോളേജുകളിലൂടേയും ജെ.ഡി.സി., എച്ച്.ഡി.സി. കോഴ്സുകൾ നടത്തിവരുന്നു. കൂടാതെ സഹകരണത്തിൽ എം.ബി.എ. കോഴ്സ് ആരംഭിക്കുന്നതിനുള്ള ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന സഹകരണ യൂണിയൻ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കോഴ്സുകളുടെ നടത്തിപ്പിനായി സഹകരണ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ പദ്ധതി തയ്യാറാക്കിവരുന്നു.

45 (1401) <u>ഒ.വൈ.ഇ.സി. കണക്ഷൻ</u>

31–8–2006–ലെ കണക്കുപ്രകാരം നൽകുവാനുള്ള 22505 ഒ.വൈ.ഇ.സി. കണക്ഷനുകൾ മുൻഗണനാക്രമത്തിൽ ഉടൻതന്നെ നൽകുന്നതാണ്. നിലവി

ലുള്ള ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾക്ക് പകരം ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചുവരുന്നുണ്ട്.

46 (1402) <u>2006–07 വർഷത്തിൽ കമ്മീഷൻ ചെയ്യാവുന്ന വൈദ്യുത പദ്ധതികൾ</u>

2006–07 വർഷത്തിൽ കമ്മീഷൻ ചെയ്യാവുന്ന വൈദ്യുതി പദ്ധതികളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | സ്ഥാപിതശേഷി/ ഉല്പാദനശേഷി | | പ്രവർത്തനം ആരംഭിച്ച വർഷം |
|---|---|---|---|
| | MW | MU | |
| നേര്യമംഗലം എക്സ്റ്റൻഷൻ സ്കീം | 25 | 58 | 2003 ജൂലൈ |
| കുട്ടിയാർ ഡൈവർഷൻ സ്കീം | | 37 | 1992 മേയ് |
| അഴുത ഡൈവർഷൻ സ്കീം | | 57 | 1989 ഫെബ്രുവരി |
| ശബരിഗിരി പദ്ധതി പുനരുദ്ധാരണ നവീകരണ ജോലി–യൂണിറ്റ് നം.4 | 5 | | 2005 നവംബർ |
| നേര്യമംഗലം പദ്ധതി പുനരുദ്ധാരണ നവീകരണം യൂണിറ്റ് നം.3 | 3 | | 2006 ജനുവരി |

47(1404) <u>കേരളത്തിലെ ഡാമുകളുടെ ജലസംഭരണശേഷി</u>

25–9–2006–ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ജലസംഭരണികളിൽ 2861.95 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണുള്ളത്. ഇത് മുൻ വർഷത്തെക്കാൾ 828.99 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദനത്തിനുള്ള വെള്ളത്തിന്റെ കുറവ് കാണിക്കുന്നു. ഓരോ ഡാമിന്റെയും ജലസംഭരണശേഷി താഴെക്കൊടുക്കുന്നു:

| റിസർവോയർ | ഫുൾ റിസർവോയർ | |
|---|---|---|
| | ലെവൽ (മീറ്റർ) | സംഭരണശേഷി (ദശലക്ഷം ക്യൂബിക് മീറ്റർ) |
| ഇടുക്കി | 732.43 | 1460.00 |
| പമ്പ | 986.33 | 31.00 |
| കക്കി | 981.46 | 446.54 |
| ഷോളയാർ | 811.68 | 149.23 |
| ഇടമലയാർ | 169.00 | 1017.80 |
| കുണ്ടള | 1758.70 | 7.79 |
| മാട്ടുപ്പെട്ടി | 1599.59 | 55.22 |
| കുറ്റ്യാടി | 758.04 | 33.99 |
| തരിയോട് | 775.60 | 162.18 |
| ആനയിറങ്കൽ | 1207.01 | 48.97 |
| പൊൻമുടി | 707.75 | 47.40 |
| നേര്യമംഗലം | 456.59 | 5.56 |
| പൊരിങ്ങൽ | 423.98 | 30.36 |
| ചെങ്കുളം | 847.60 | 1.61 |
| ലോവർ പെരിയാർ | 253.00 | 4.55 |
| കക്കാട് | 192.63 | 1.16 |

ഇത് 4083.49 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വെള്ളമാണ്.

48 (1408, 1409 & 1410) <u>ചെറുകിട വൈദ്യുത പദ്ധതികൾ</u>

സംസ്ഥാനത്ത് നടത്തിയ വിവിധ സർവ്വേകളിൽ സാധ്യത കണ്ടെത്തിയ 130 ചെറുകിട വൈദ്യുത പദ്ധതികളിൽ 12 എണ്ണം ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. 2006–2011 കാലയളവിൽ വൈദ്യുതി ബോർഡ് സ്ഥാപിതശേഷിയിൽ 1000 മെഗാവാട്ടിന്റെ വർദ്ധനവ് ലക്ഷ്യമിട്ട് നിർമ്മാണം ആരംഭിച്ച പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാനും പുതിയ ചെറുകിട ജലവൈദ്യുത പദ്ധതി കൾ യുദ്ധകാലാടിസ്ഥാനത്തിൽ ക്യാപ്റ്റീവ് മേഖലയിലും പഞ്ചായത്ത് അടിസ്ഥാനത്തിലും നടപ്പിലാക്കാനും കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പി

ക്കുന്നതിനുള്ള പദ്ധതികൾ ഉടൻ ആരംഭിക്കാനും നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 16–1–2003–ലെ മാർഗ്ഗ നിർദ്ദേശ പ്രകാരം 43.75 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാവുന്ന 11 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇൻഡിപെൻഡന്റ് പവർ പ്രോജക്ട്, ക്യാപ്ടീവ് പവർ പ്രോജക്ട് വിഭാഗത്തിൽ നടപ്പിലാക്കാ നുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളായ നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി 31–5–2007–ലും കുറ്റ്യാടി ടെയിൽ റേസ് 31–5–2007–ലും അഴുത ഡൈവർഷൻ സ്കീം 31–12–2006–ലും കുട്ടിയാർ ഡൈവർഷൻ 31–3–2007–ലും പൂർത്തിയാ ക്കാൻ ഉദ്ദേശിക്കുന്നു. സ്വകാര്യമേഖലയിൽനിന്നുള്ള 43.75 എം.ഡബ്ള്യു. ഉൾപ്പെടെ 795.15 എം.ഡബ്ള്യു. വൈദ്യുതി പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതികളിൽനിന്ന് ലഭ്യമാവുമെന്ന് പ്രതീക്ഷിക്കുന്നു. സമഗ്രമായ ഒരു മൈക്രോ ജലവൈദ്യുതി നയം രൂപപ്പെടുത്തുന്നതിനുള്ള ചർച്ചകൾ സർക്കാർ തലത്തിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.